## കർഷകൻെറ രക്ഷയ്ക്ക് നാളികേര ബോർഡ്

# ഉയരട്ടെ തെങ്ങിൻെറ മഹിമ വീണ്ടും

എം. സുധീന്ദ്രകുമാർ

നാളികേര കൃഷി വേദനിക്കുന്ന ഓർമയായി മലയാളിക്ക് മാറിക്കഴിഞ്ഞിട്ട് നാളേറെയായി. തെങ്ങ് ഉറച്ചവരുമാനം ഉറപ്പാക്കാത്ത സാഹചര്യം വന്നതോടെ കർഷകർ നാളികേരകൃഷി ഉപേക്ഷിച്ചു. പകരം റബറും ഏലവും കുരുമുളകുമെല്ലാം കർഷകമനസ്സിൽ ഇടംനേടി. നിലവിലുള്ള തെങ്ങുകൾ മുറിച്ചുമാറ്റി ആളുകൾ റബറിലേക്ക് തിരിഞ്ഞു. തെങ്ങ് പുനർകൃഷി തീർത്തും ഇല്ലാതായി. 'കേരളം തിങ്ങും കേരളനാട്' എന്ന ചൊല്ല് പഴങ്കഥയായി മാറാൻ ഇനി അധികകാലം വേണ്ടിവരില്ല.

ഒരുപാട് പ്രശ്നങ്ങളാണ് നാളികേര കർഷകർ നേരിടുന്നത്. വിലയിലെ അനിശ്ചിതത്വം തന്നെ ഇവയിൽ മുഖ്യം. രോഗബാധ മറ്റൊരു കാരണം. മികച്ച വിത്തുതേങ്ങയുടെ ലഭ്യതക്കുറവും ഉണ്ട്.

ഉത്പാദനക്ഷമതയ്ക്കൊപ്പം തന്നെ നാളികേര കൃഷിയുടെ ഭൂവിസ്തൃതിയും കുറഞ്ഞുവരുന്നു. ഇതിനെല്ലാം പടിപടിയായി പരിഹാരം കാണാനുള്ള പടപ്പുറപ്പാടിലാണ് നാളികേര വികസന ബോർഡ്.

കേരളത്തെ അഞ്ചുവർഷം കൊണ്ട് നാളികേര ഉത്പാദനക്ഷമതയുടെ കാര്യത്തിൽ തമിഴ്നാട്ടിനൊപ്പം എത്തിക്കുക എന്ന ലക്ഷ്യവുമായാണ് ബോർഡ് ചെയർമാൻ ടി.കെ. ജോസ് രംഗത്തുള്ളത്. അതിനായി ഒരു ടീമിനെ സജ്ജമാക്കുന്ന പ്രക്രിയയിലാണ് അദ്ദേഹം. നാളികേര മേഖലയിലെ ഗവേഷണഫലങ്ങൾ സമയബന്ധിതമാക്കുന്നതോടൊപ്പം, തെങ്ങിൻെറ ജിനോമാപ്പിങ്, ഉത്പാദനക്ഷമത ഊർജിതപ്പെടുത്തൽ തുടങ്ങിയവയ്ക്ക് എത്രയും മുന്തിയ പരിഗണന നൽകേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇതിനായി നാളികേര ബോർഡ് സംസ്ഥാനത്തെ മൂന്നു ജില്ലകളെയാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്. തിരുവനന്തപുരം, തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളാണിവ. ഗവേഷണത്തിൽ ഉയരം കുറഞ്ഞ തെങ്ങിനങ്ങൾ സൃഷ്ടിച്ചെടുക്കേണ്ടതുണ്ടെന്നും ചെയർമാൻ അഭിപ്രായപ്പെടുന്നു.

ഇന്ത്യയിൽ 18 സംസ്ഥാനങ്ങളിലും മൂന്നു കേന്ദ്രഭരണപ്രദേശങ്ങളിലും തെങ്ങുകൃഷി ഉണ്ട്. ഇന്ത്യയെക്കാൾ എത്രയോ ചെറുതായ ശ്രീലങ്കയുടെ നാളികേര കയറ്റുമതി നമ്മുടെതിനേക്കാൾ 36 മടങ്ങ് കൂടുതലാണ്. നാളികേര ഉത്പാദനത്തിൻെറ കാര്യത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കിടയിൽ കേരളം എട്ടാം സ്ഥാനത്താണ്. ഒന്നാം സ്ഥാനത്ത് ലക്ഷദ്വീപ്, പോണ്ടിച്ചേരി, തമിഴ്നാട്, പശ്ചിമബംഗാൾ, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, അസം, കേരളം എന്നിങ്ങനെ പോകുന്നു സംസ്ഥാനങ്ങളുടെ നാളികേര കൃഷിയിലെ സ്ഥാനങ്ങൾ.

കേരളത്തിൽ ഉത്പാദനക്ഷമതയിലും ഉത്പാദനത്തിലും ഒന്നാംസ്ഥാനം മലപ്പുറം ജില്ലക്കാണ്. ഉത്പാദനത്തിൽ രണ്ടാംസ്ഥാനം കോഴിക്കോടിനാണെങ്കിൽ ഉത്പാദനക്ഷമതയിൽ രണ്ടാംസ്ഥാനം തിരുവനന്തപുരത്തിനാണ്.

മൂന്നു കൊല്ലം കൊണ്ട് അയ്യായിരം നാളികേര ഉത്പാദകസംഘങ്ങളെ സൃഷ്ടിച്ചെടുക്കാനാണ് ബോർഡ് ലക്ഷ്യമിടുന്നത്. അതോടൊപ്പം തന്നെ തെങ്ങുകയറ്റത്തൊഴിലാളികളെ കിട്ടാത്ത പ്രശ്നവും ബോർഡിൻെറ സജീവ പരിഗണനയിലുണ്ട്. നാട്ടുകാർക്ക് തെങ്ങുകയറ്റത്തിന് പരിശീലനം നൽകുന്നതോടൊപ്പം ആവശ്യമെങ്കിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികളെ കൊണ്ടുവരുന്ന കാര്യവും ബോർഡ് ആലോചിക്കുന്നു.

ഛത്തീസ്ഗഢ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവന്ന് അവരെ ഇവിടെ പാർപ്പിച്ചു തെങ്ങുകയറ്റം പരിശീലിപ്പിക്കുന്ന കാര്യമാണ് ബോർഡ് ചിന്തിക്കുന്നത്. നാളികേര ബോർഡ് ഉറക്കംവിട്ടുണരുകയും കേന്ദ്ര സംസ്ഥാന-കർഷക സഹകരണത്തോടെ നാളികേര മേഖലയിലെ പ്രശ്നങ്ങൾ ഒന്നൊന്നായി പരിഗണനയിലെടുക്കുകയും ചെയ്യുന്നതോടെ നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്ന നാളികേര സംസ്കൃതിയുടെ തിരിച്ചുവരവ് യാഥാർഥ്യമാവും.

നാളികേരത്തിൻെറ വിലയിലുള്ള ഏറ്റക്കുറച്ചിലുകളിൽനിന്ന് കർഷകരെ രക്ഷിക്കാൻ ഉത്പന്ന വൈവിധ്യവൽക്കരണം, ഇളനീർ വില്പന തുടങ്ങി ബഹുമുഖ തന്ത്രമാണ് ബോർഡ് ലക്ഷ്യമിടുന്നത്. ഇത് വിജയപ്രാപ്തിയിലെത്തുന്നതോടെ നാളികേര കർഷകൻെറ ദുരിതം പഴങ്കഥയാവും.

പ്രായക്കൂടുതലുള്ള തെങ്ങ് വെട്ടിമാറ്റുന്നതിനുള്ള നിലവിലുള്ള പ്രതിഫലം, പുനഃകൃഷിക്കുള്ള തുക എന്നിവ വർധിപ്പിക്കുക, നാളികേര ഉത്പന്നങ്ങളുടെ ഗുണമേന്മ ലോകമെങ്ങും എത്തിക്കുക, വെളിച്ചെണ്ണയുടെ മേന്മയ്ക്ക് വേണ്ട പ്രചാരം കൊടുക്കുക, നാളികേര വെള്ളം ലഘുപാനീയമായി വിൽക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുക, ഇത് കൂടുതൽ കാലം സൂക്ഷിക്കുന്നതിന് വേണ്ട ഗവേഷണങ്ങൾക്ക് പ്രാധാന്യം തുടങ്ങി നാളികേരത്തിൻെറ പ്രതാപം വീണ്ടെടുക്കുന്നതിന് ബോർഡിനു മുന്നിൽ ലക്ഷ്യങ്ങൾ ഒട്ടേറെയുണ്ട്. അടുത്ത പഞ്ചവത്സരപദ്ധതിക്കുള്ളിൽ ഇവ യാഥാർഥ്യമാവും എന്ന ഉറച്ച വിശ്വാസത്തിലാണ് ചെയർമാൻ ടി.കെ.ജോസ്.

